ദേശാഭിമാനി
Wed, 17 December 2025

## ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

# കെട്ടിടങ്ങളിൽ ഒന്നാമത് തിരുവനന്തപുരം വിമാനത്താവളം

### ട്രാവൻകൂർ ടൈറ്റാനിയത്തിനും കേരള സർവകലാശാലയ്ക്കും അവാർഡ്

**തിരുവനന്തപുരം**

ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ പ്രഖ്യാപിച്ചു.

വൻകിട ഊർജ ഉപയോക്താക്കളുടെ വിഭാഗത്തിൽ എറണാകുളം കൊച്ചിൻ ഷിപ്പ്യാഡ് പുരസ്കാരത്തിന് അർഹരായി. ഒരു ലക്ഷം രൂപയാണ് പുരസ്കാരത്തുക. കോഴിക്കോട് പീകെ സ്റ്റീൽ കാസ്റ്റിങ്സ്, ട്രാവൻകൂർ ടൈറ്റാനിയം എന്നീ സ്ഥാപനങ്ങൾ രണ്ടാം സ്ഥാനവും പങ്കിട്ടു. ഇടത്തരം ഊർജ ഉപയോക്താക്കളുടെ വിഭാഗത്തിൽ ആലപ്പുഴ വികെഎൽ സീസണിങ്സ്, എംആർസിഎംപിയു, മിൽമ കണ്ണൂർ ഡെയറിയും പുരസ്കാരത്തിന് അർഹരായി. ഇവർക്ക് പ്രശസ്തിപത്രം സമ്മാനിക്കും.

കോഴിക്കോട് ഫോർച്യൂൺ ഇലാസ്റ്റമേഴ്സ് ചെറുകിട ഊർജ ഉപയോക്താക്കളുടെ വിഭാഗത്തിൽ ഒന്നാമതെത്തി. കെട്ടിടങ്ങളിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഒന്നാമതും കുമരകം കോക്കനട്ട് ലഗൂൺ രണ്ടാം സ്ഥാനവും നേടി.

സ്ഥാപനങ്ങളുടെ വിഭാഗത്തിൽ തിരുവനന്തപുരം കേരള സർവകലാശാല ഒന്നാമതും കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് രണ്ടാം സ്ഥാനവും നേടി.

ഊർജ കാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രമോട്ടർമാരായി ആലപ്പുഴ ഓൾ എബൌട്ട് ഇന്നൊവേഷൻ ആൻഡ് അഡ്വാൻസ്ഡ് റിസർച്ചിനെ തെരഞ്ഞെടുത്തു. ആർക്കിടെക്റ്റ്സ് ആൻഡ് ഗ്രീൻ ബിൽഡിങ് കൺസൽട്ടൻസ് വിഭാഗത്തിൽ എറണാകുളം എഫ് ഫൈവ് സസ്റ്റൈനബിലിറ്റി കൺസൾട്ടൻസ് തെരഞ്ഞെടുക്കപ്പെട്ടു.